LIBRARY ARCHIVES Kerala Legislative Assembly

യു.പി.എസ്.എ. നിയമനം

14(2710) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ യു.പി.എസ്.എ. നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഇതിനകം എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ നിലവിൽ എത്ര യു.പി.എസ്.എ. ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രതീക്ഷിത ഒഴിവുകൾകൂടി ചേർത്ത് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം ജില്ലയിലെ യു.പി.എസ്.എ. ഒഴിവുകളുടെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഉത്തരവാദിയായവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പത്ത് പേരെ നിയമിച്ചു.

(ബി &സി) നിലവിൽ ഒഴിവുകൾ ഇല്ല.

(ഡി) ബാധകമല്ല.

മാവേലിക്കര പാലമേൽ എൽ.പി. സ്കൂൾ

15(2713) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര പാലമേൽ എൽ.പി. സ്കൂളിൽ അദ്ധ്യാപകരുടെ എത്ര തസ്തികയാണുള്ളത് ; വ്യക്തമാക്കുമോ; നിലവിൽ എത്ര അദ്ധ്യാപകരാണുള്ളതെന്ന് വ്യക്തമാക്കുമോ; അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

എട്ട് അദ്ധ്യാപക തസ്തികകൾ നിലവിൽ ആറ് അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഒഴിച്ചുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.